2. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 157 പ്രകാരം നിയമവിരുദ്ധമായുള്ള നിർമ്മാണങ്ങൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും റിപ്പോർട്ട് നൽകുന്നതിനുമായി എല്ലാ ജില്ലകളിലും റീജിയണൽ ജോയിന്റ് ഡയറക്ടർ, ടൗൺ പ്ലാനർ, സർക്കാർ നാമനിർദ്ദേശം ചെയ്ത ഉദ്യോഗസ്ഥർ എന്നിവരടങ്ങിയ ഒരു വിജിലൻസ് സ്ക്വാഡ് ഉണ്ടായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ടി ചട്ടപ്രകാരം എല്ലാ ജില്ലകളിലും വിജിലൻസ് സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതും പ്രവർത്തിച്ചുവരുന്നതുമാണ്.

3. കെ.എം.ബി.ആർ.-ലെ ചട്ടം 158 പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെ നിർമ്മാണമോ, പുനർനിർമ്മാണമോ അല്ലെങ്കിൽ രൂപഭേദം വരുത്തലോമൂലം മനുഷ്യന് ഭീഷണി ഉണ്ടാകുവാൻ സാധ്യതയുള്ളതാണെന്ന് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെട്ടാൽ ആയത് തടയുന്നതിനുള്ള അധികാരം സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.

4. കോടതിയിൽ നിന്ന് കറ്റം ചുമത്തപ്പെട്ടാൽ അനധികൃതമായി നടത്തിയിട്ടുള്ള നിർമ്മാണ ഉടമയിൽ നിന്ന് പിഴ ഈടാക്കുവാനും കെ.എം.ബി.ആർ. ചട്ടം 159-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

5. സർക്കാരിന്റെ 27-7-2013-ലെ സ.ഉ.(എംഎസ്.) നമ്പർ 268/2013/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള വിജിലൻസ് വിംഗ് ശക്തിപ്പെടുത്തിയിട്ടുള്ളതും ടി വിംഗ് 1-10-2013 മുതൽ പ്രവർത്തിച്ചുവരുന്നതുമാണ്. വിജിലൻസ് വിംഗിൽ ലഭിക്കുന്ന പരാതി പരിശോധനയുടെയും നേരിട്ട് നടത്തുന്ന മിന്നൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ കണ്ടെത്തുന്ന അനധികൃത നിർമ്മാണങ്ങളും ചട്ടലംഘനങ്ങളും സംബന്ധിച്ച് കൃത്യമായി സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കുന്നുണ്ട്.

**നഗരങ്ങളെ മാലിന്യ മുക്തമാക്കുന്നതിന് കർമ്മ പദ്ധതി**

121 (1495) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളെ മാലിന്യ മുക്തമാക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) നഗരങ്ങളെ മാലിന്യമുക്തമാക്കുന്നതിലേക്കായി മാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ തരംതിരിച്ച് സംസ്കരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഉറവിട മാലിന്യ സംസ്കരണ പദ്ധതിക്ക് പ്രോത്സാഹനം നൽകി സംസ്ഥാനത്തെ നഗരസഭകളിലുടനീളം നടപ്പിലാക്കിവരുന്നു. ആയതുവഴി പൊതു നിരത്തുകളിലേക്കും പൊതു മാലിന്യ സംസ്കരണ പ്ലാന്റിലേക്കും എത്തുന്ന മാലിന്യത്തിന്റെ അളവ് വളരെയധികം കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി നൽകുന്ന പ്രോജക്ടുകൾ പരിശോധിച്ച് സാങ്കേതികാനുമതിയും അർഹമായ സാമ്പത്തിക സഹായവും വിതരണം ചെയ്തുവരുന്നുണ്ട്.

**കണ്ണൂർ കോർപ്പറേഷനിൽ ചേർത്ത പഞ്ചായത്തുകൾ**

122 (1496) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മുനിസിപ്പാലിറ്റി, കോർപ്പറേഷനായി ഉയർത്തിയതിനെ തുടർന്ന് ആകെ എത്ര പുതിയ തസ്തികകൾ സൃഷ്ടിക്കുകയുണ്ടായിട്ടുണ്ട്; ഏതെല്ലാം ;

(ബി) കണ്ണൂർ കോർപ്പറേഷനോടുകൂടി ചേർത്ത പഞ്ചായത്തുകളിലെ പഞ്ചായത്ത് ഓഫീസുകൾ കോർപ്പറേഷന്റെ അനക്സുകളായി പ്രവർത്തിക്കുവാനും ജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കുവാനുമുള്ള സൗകര്യങ്ങൾ തുടർന്നും പ്രദാനം ചെയ്യുന്നതിനും എന്തെല്ലാം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. പുതിയ തസ്തികകൾ സൃഷ്ടിക്കണമെന്ന നഗരകാര്യ ഡയറക്ടറുടെ നിർദ്ദേശം പരിശോധിച്ചുവരുന്നു.

(ബി) 31-10-2015-ലെ സ.ഉ.(കൈ)നമ്പർ 333/2015/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരവും 17-11-2015-ലെ സ.ഉ.(സാധാ.)നമ്പർ 3371/15/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരവും ഇതുസംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly